# STD - VII

## അദ്ധ്യാപക സഹായി

**പാഠം – മൂന്ന്　　　ദൈവത്തിന്റെ കുഞ്ഞാട്　　　ഭാഗം – ഒന്ന്**

### ലക്ഷ്യം

നിസ്സഹായനായ ഒരു കുഞ്ഞാടിനെപ്പോലെ, യേശു തന്നെത്തന്നെ പിതാവിന്റെ ഹിതമനുസരിച്ച് എല്ലാ മനുഷ്യരുടെയും മോചനത്തിനായി സ്വയം സമർപ്പിച്ചു.

യേശുവിന്റെ അനുസരണവും നിഷ്കളങ്കതയും ത്യാഗമനോഭാവവും നമുക്കും ജീവിതത്തിൽ പകർത്താം.

### പഠനസഹായികൾ

* കുഞ്ഞാടിന്റെ ചിത്രം
* വചനം – ഏശയ്യ. 53:7, യോഹ. 1:29, ലൂക്കാ. 3:21, യോഹ. 1:36, പുറപ്പ. 20:24, ലേവ്യ.1:10, ലേവ്യ. 4:32 ലേവ്യ. 22:21
* അബ്രാഹത്തിന്റെ ബലിയർപ്പണം കഥ
* കുഷ്ഠരോഗികൾക്കായി ജീവൻ സമർപ്പിച്ച ഫാദർ ഡാമിയൻ – ചിത്രം
* യേശുവിന്റെ ജ്ഞാനസ്നാന ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* പാപം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്നു.
* പഴയനിയമകാലത്ത് പാപപരിഹാരത്തിന് മനുഷ്യൻ പല മാർഗ്ഗങ്ങളും അവലംബിച്ചിരുന്നു.
* പാപങ്ങൾ ആവാഹിച്ചെടുത്ത് ഒരാടിന്റെ മേൽ ചുമത്തി അതിനെ മരുഭൂമിയിൽ ഉപേക്ഷിക്കുന്ന രീതി നിലനിന്നിരുന്നു.
* ഇസ്രായേൽ ദൈവാലയങ്ങളിൽ പാപപരിഹാര ബലിയായി ആടിനെ സമർപ്പിച്ചിരുന്നു.
* ആദിമാതാപിതാക്കളുടെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യവംശത്തെ മോചിപ്പിക്കാൻ ദൈവം മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു.
* പാപികൾക്ക് അനുതാപത്തിന്റെ ജ്ഞാനസ്നാനം നൽകിക്കൊണ്ടിരുന്ന സ്നാപക യോഹന്നാന്റെ അടുത്ത്, പാപമൊന്നും ഇല്ലാതിരുന്നിട്ടും യേശു സ്നാനം സ്വീകരിക്കുവാൻ ശിരസ്സു നമിച്ചുനിന്നു.
* യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തി.

* യേശു, സ്നാപകയോഹന്നാനിൽ നിന്നും സ്നാനം സ്വീകരിച്ചപ്പോൾ താൻ എല്ലാവരുടെയും പാപം വഹിക്കുന്ന സഹനദാസനും, പെസഹാക്കുഞ്ഞാടുമാണെന്ന് സ്വയം വെളിപ്പെടുത്തി.
* ആട്ടിൻകുട്ടി എല്ലാവർക്കും പ്രിയമുള്ളതാണ്.
* കുഞ്ഞാടിനെ ബലി നൽകുക എന്നാൽ ഏറ്റവും ഇഷ്ടമായതിനെ ബലിയർപ്പിക്കുകയെന്നതാണ്.
* പാപംമൂലം നഷ്ടമായ ദൈവിക ജീവനിലേക്ക് നമ്മെ തിരികെയെടുക്കാൻ ദൈവം തന്റെ ഏകജാതനെ ബലിയായ് നൽകാൻ ലോകത്തിലേക്കയക്കുന്നു.

## പ്രാർത്ഥന

പിതാവായ ദൈവമേ, സ്നാപകയോഹന്നാനെപ്പോലെ സത്യദൈവത്തെ അന്വേഷിക്കാനും, കണ്ടെത്താനും ദൈവത്തിന്റെ കുഞ്ഞാടായ യേശുവിനെ അനുഗമിക്കാനും പ്രഘോഷിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.

# STD - VII

## അദ്ധ്യാപക സഹായി

**പാഠം – മൂന്ന്        ദൈവത്തിന്റെ കുഞ്ഞാട്        ഭാഗം – രണ്ട്**

ക്ലാസ് ഭാഗം ഒന്നിലെ പ്രധാനപ്പെട്ട ആശയങ്ങൾ പറഞ്ഞുകൊണ്ട് രണ്ടാം ഭാഗം ക്ലാസ് തുടങ്ങുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* നിസ്സഹായനായ കുഞ്ഞാടിനെപ്പോലെ യേശു ദൈവഹിതമനുസരിച്ച് തന്നെത്തന്നെ എല്ലാ മനുഷ്യരുടേയും മോചനത്തിനായി സ്വയം സമർപ്പിച്ചു.
* യേശുവിന്റെ നിഷ്കളങ്കമായ സ്നേഹവും ത്യാഗമനോഭാവവും നമ്മുടെ ജീവിതത്തിലും ഉണ്ടാകാൻ ദൈവം ആഗ്രഹിക്കുന്നു.
* യേശു സ്നാനം സ്വീകരിക്കുക വഴി, ശുശ്രൂഷിക്കുവാനും തന്റെ ജീവൻ അനേകർക്ക് മോചദ്രവ്യമായി നൽകുകയുമാണ് തന്റെ ദൗത്യമെന്ന് യേശു വെളിപ്പെടുത്തുന്നു.
* യേശു സ്ഥാപിച്ച ജ്ഞാനസ്നാനം എന്ന കൂദാശ നാം സ്വീകരിക്കുമ്പോൾ നാം എല്ലാ പാപമാലിന്യത്തിൽനിന്നും മോചിതരായി ദൈവപുത്രരും, സ്വർഗ്ഗത്തിന് അവകാശികളും, ദൈവിക ജീവനിൽ പങ്കുകാരും, ക്രിസ്തുവിന്റെ അവയവങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ആക്കിത്തീർക്കുന്നു.
* മറ്റു കൂദാശകൾ സ്വീകരിക്കാൻ ജ്ഞാനസ്നാനം കവാടമായി മാറുന്നു.
* യോഹന്നാന്റെ സാക്ഷ്യം – യേശുവിനു വഴിയൊരുക്കുക എന്നതായിരുന്നു യോഹന്നാന്റെ ദൗത്യം.
* ജോർദ്ദാൻ നദിയിലെ സ്നാനത്തിനുശേഷം, പിറ്റേന്ന് യോഹന്നാൻ തന്റെ ശിഷ്യന്മാർക്ക് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു, "ഇതാ ദൈവത്തിന്റെ കുഞ്ഞാട്."
* സത്യമായ ദൈവത്തെ അന്വേഷിക്കാനും കണ്ടെത്താനും അനുഗമിക്കാനും, എല്ലാവരോടും പ്രഘോഷിക്കാനും സ്നാപകയോഹന്നാനെപ്പോലെ നമുക്കു കടമയുണ്ട്.
* യേശു ലോകത്തിലേക്ക് വന്നത് എല്ലാവരെയും ദൈവരാജ്യത്തിൽ ജീവിക്കാൻ യോഗ്യരാക്കുക എന്ന ലക്ഷ്യത്തോടെയാണ്.
* സ്വജീവൻ നഷ്ടപ്പെടുത്തിയാലേ സ്വർഗ്ഗരാജ്യം നേടിക്കൊടുക്കാൻ സാധിക്കൂ എന്ന് യേശുവിനറിയാമായിരുന്നു.
* അനേകരുടെ രക്ഷയ്ക്കും പാപമോചനത്തിനുമായിരുന്നു യേശുവിന്റെ പീഡാസഹനവും മരണവും.

## പ്രാർത്ഥന

ദൈവപിതാവിന്റെ ഹിതമനുസരിച്ച് ഞങ്ങളുടെ രക്ഷയ്ക്കായി കുരിശിൽ ബലിയായി മാറിയ കുഞ്ഞാടായ ക്രിസ്തുനാഥാ, ഞങ്ങളുടെ ജീവിതത്തിൽ മറ്റുള്ളവർക്കുവേണ്ടി വേദനിക്കേണ്ട അവസരം ഉണ്ടാകുമ്പോൾ സമചിത്തതയോടെ അത് ഏറ്റെടുക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

## ചോദ്യങ്ങൾ

1. നാം ദൈവത്തിന്റെ കുഞ്ഞാടുകളാകുന്നത് എപ്പോൾ?
2. ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ ലഭിക്കുന്ന കൃപകൾ ഏതെല്ലാം?
3. എന്തുകൊണ്ടാണ് ജ്ഞാനസ്നാനം ഒരിക്കൽ മാത്രം സ്വീകരിക്കുന്ന കൂദാശയാകുന്നത്?
4. യഹൂദർ കുഞ്ഞാടിനെ ഏതെല്ലാം ബലികൾക്കായി ഉപയോഗിക്കുന്നു?
5. ദൈവസന്നിധിയിൽ മനുഷ്യർ അർപ്പിക്കുന്ന പരമമായ ആരാധന ഏത്?